**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 3892**

**15-05-2017 ലെ**
**മറുപടി**

## ജലദൗർലഭ്യം പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ജലദൗർലഭ്യം പരിഹരിക്കാൻ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മഴയുടെ ലഭ്യതയിലുണ്ടായ കുറവ് കാരണം ജലദൗർലഭ്യം ഈ വർഷം കൂടുതലായി അനുഭവപ്പെട്ട സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ നദികളിലും, മറ്റ് ജലസ്രോതസ്സുകളിലും, ജലസേചനം, വൈദ്യുതി വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലും ലഭ്യമായ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. നെയ്യാർ ജലസംഭരണിയിൽ നിന്നുള്ള ജലം തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ലഭ്യമാക്കാൻ കഴിഞ്ഞത് വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം വഴിയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്നുണ്ട്.<br>ജലനിധി നടപ്പാക്കുന്ന പദ്ധതികളും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് യഥാസമയം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലനിധി, ജല അതോറിറ്റിയുമായി ചേർന്ന് നടപ്പാക്കുന്ന മൾട്ടി ജി. പി. പദ്ധതികൾ, ബൾക്ക് വാട്ടർ കുടിവെള്ള പദ്ധതികൾ എന്നിവയുടെ പൊതുവായ ഘടകങ്ങളുടെ പ്രവൃത്തികൾ ജല അതോറിറ്റിയും, വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജലനിധിയുമാണ് നടപ്പാക്കുന്നത്. അതുപോലെ വനം വകുപ്പ്, കെ.എസ്.ഇ.ബി, പൊതുമരാമത്ത് വകുപ്പുകളുമായി പ്രവർത്തനം ഏകോപിപ്പിച്ച് കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിനും കെ.എസ്.ഇ.ബി-യിൽ നിന്നും |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കി പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഇതിനുപരിയായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി മുഖ്യമന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ജലവിനിയോഗം പരമാവധി കുറയ്ക്കുവാൻ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ജലവിനിയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ വിവിധ വകുപ്പുകൾ വഴി നടത്തിവരുന്നു. ലോക ജലദിനത്തിന്റെ ഭാഗമായുള്ള പ്രചാരണ പരിപാടികളുടെ ഈ വർഷത്തെ ഊന്നൽ ജലവിനിയോഗം കുറയ്ക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുക എന്നതായിരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജലവിനിയോഗത്തെക്കുറിച്ചുള്ള പരിപാടികൾ/ക്ലാസ്സുകൾ അടുത്ത വർഷം വ്യാപകമായി നടത്തുന്നതിന് ജലസേചന വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.<br>ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുവാനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടന്നുവരുന്നു. കൂടാതെ ജല ദുരുപയോഗം കണ്ടെത്താനും തടയാനുമായി കേരള ജലഅതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുമുണ്ട്.<br>ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും, സംരക്ഷണത്തിനും, സംപോഷണത്തിനുമായുള്ള അവബോധ ക്ലാസ്സുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഭൂജലവകുപ്പ്, സംഘടിപ്പിച്ചു വരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുന്നത്. കൂടാതെ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി സ്കൂളുകളിൽ ഭൂജലസംരക്ഷണത്തെ കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു.<br>കൂടാതെ ജലനിധിയുടെ നേതൃത്വത്തിൽ വിവിധ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലത് ചുവടെ കൊടുക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | • എല്ലാ ജലനിധി പഞ്ചായത്തുകളിലും ലോക ജലദിനത്തിൽ ജലദിന പ്രതിജ്ഞ ചൊല്ലുകയും ജലവിനിയോഗം കുറയ്ക്കുന്നതിനെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യു.<br>• ജലവിനിയോഗത്തെ സംബന്ധിച്ച് പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി ജലനിധി രണ്ടു പുസ്തകങ്ങൾ ഇറക്കിയിട്ടുണ്ട്. ഇത് എല്ലാ ജലനിധി പഞ്ചായത്തുകളിലും വിതരണ ചെയ്യുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>• ജലവിനിയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ബോധവല്ക്കരണത്തിനായി ജലനിധിയുടെ നേതൃത്വത്തിൽ കിറ്റിഷോ സംഘടിപ്പിച്ചിട്ടുണ്ട്.<br>• ജലവിനിയോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകളിലൂടെ ജലനിധി എല്ലാ ആഴ്ചകളിലും പരിപാടികൾ അവതരിപ്പിച്ചുവരുന്നു.<br>• ജലനിധിയുടെ വാർത്താ പത്രികയായ ജലതരംഗത്തിലൂടെ ജലവിനിയോഗം സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും അത് ജലനിധി പഞ്ചായത്തുകളിൽ വിതരണം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**